# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 325 — 23-06-2014-ലെ മറുപടിക്ക്

## ഓഫീസുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കൽ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. സി. എഫ്. തോമസ്<br>ശ്രീ. റ്റി. യു. കുരുവിള<br>ശ്രീ. തോമസ് ഉണ്ണിയാടൻ | | ശ്രീ. ഉമ്മൻ ചാണ്ടി<br>ബഹു: മുഖ്യമന്ത്രി |
| എ) സർക്കാർ ഓഫീസുകളിൽ നിന്ന് ജനങ്ങൾക്ക് എത്രയും വേഗം സേവനം ലഭിക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതിന് ഈ സർക്കാർ സ്വീകരിക്കാൻ പോകുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;<br><br>ബി) റിപ്പോർട്ടുകൾ താഴെത്തട്ടിൽ നിന്ന് സെക്രട്ടേറിയറ്റിലും വകുപ്പുമേധാവികൾക്കും ലഭിക്കുന്നതിൽ കാലതാമസം നേരിടുന്നതിനാൽ കമ്പ്യൂട്ടറിന്റെ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തി എത്രയും വേഗം റിപ്പോർട്ടുകൾ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | എ) യും ബി) യും | സർക്കാർ ഓഫീസുകളിൽ നിന്നും പൊതുജനങ്ങൾക്ക് എത്രയും വേഗം സേവനം ലഭ്യമാക്കുന്നതിന്റെ ഭാഗമായി ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിച്ച് വരുന്നു. പൊതുജനങ്ങൾക്ക് സമയബന്ധിതമായി സേവനങ്ങൾ ലഭിക്കുന്നതിലേക്ക് കേരള സംസ്ഥാന സേവനാവകാശ നിയമം 2012, 2012 നവംബർ ഒന്നാം തീയതി നിലവിൽ വന്നു. സർക്കാർ വകുപ്പുകൾ/സ്ഥാപനങ്ങൾ ഗസറ്റ് വിജ്ഞാപനം വഴി ഈ നിയമം നടപ്പിലാക്കിവരുന്നു. സർക്കാരിൽ നിന്നും എന്തെങ്കിലും ആനുകൂല്യമോ ആശ്വാസമോ തേടുന്ന ജനങ്ങൾക്ക് നിശ്ചിത സമയ പരിധിക്കുള്ളിൽ കേൾക്കപ്പെടുവാനുള്ള അവകാശം (റൈറ്റ് ടു ഹിയറിംഗ്) വ്യവസ്ഥ ചെയ്യുന്ന ഒരു ബിൽ സർക്കാരിന്റെ പരിഗണനയിലാണ്. |
| സി) സ്തുത്യർഹമായ രീതിയിൽ പ്രവർത്തിക്കുന്ന സർക്കാർ ഉദ്യോഗസ്ഥർക്ക് പ്രത്യേക അവാർഡുകളും പാരിതോഷികങ്ങളും നൽകുന്നത് പരിഗണിക്കുമോ? | സി) | കേരള സർവീസ് റൂൾസ് പ്രകാരം സ്തുത്യർഹമായ രീതിയിൽ പ്രവർത്തിക്കുന്ന സർക്കാർ ഉദ്യോഗസ്ഥർക്ക് ഗുഡ് സർവ്വീസ് എൻട്രി, ഇൻസെന്റീവ് അവാർഡ്, അഡ്വാൻസ് ഇൻക്രിമെന്റ് കൂടാതെ ഭരണ ഭാഷാ പുരസ്കാരങ്ങൾ തുടങ്ങിയ അവാർഡുകളും പാരിതോഷികങ്ങളും നിലവിൽ നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ